## അവകാശലംഘന പ്രശ്നങ്ങൾ

### I. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്ത അവകാശലംഘന നോട്ടീസ്

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സഭയിലെ അംഗങ്ങളുടെ ഇരിപ്പിടം സംബന്ധിച്ച തീരുമാനം സ്പീക്കറിൽ നിക്ഷിപ്തമാണെന്നിരിക്കെ, തന്റെ ഇരിപ്പിടമാറ്റം സംബന്ധിച്ച് സഭാധ്യക്ഷനെടുത്ത തീരുമാനത്തെ പരസ്യമായി മുഖ്യധാരാ മാധ്യമങ്ങളിലൂടെ വിമർശിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത ശ്രീ. പി. വി. അൻവർ, എം.എൽ.എ.-യുടെ പ്രവൃത്തി സഭയുടെയും സഭാധ്യക്ഷന്റെയും അവകാശങ്ങളുടെ ലംഘനമാകയാൽ ശ്രീ. പി. വി. അൻവർ, എം.എൽ.എ.-ക്കെതിരെ

അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ. 11-10-2024-ന് സമർപ്പിച്ച നോട്ടീസിന്മേൽ കൂടുതൽ പരിശോധനയും അന്വേഷണവും ആവശ്യമാകയാൽ ചെയർ ഈ വിഷയം കേരള നിയമസഭയുടെ നടപടിക്രമവും

കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് 14-10-2024-ന് റഫർ ചെയ്തിരിക്കുന്നു.

II. <u>അനുമതി നിഷേധിച്ച അവകാശലംഘന പ്രശ്നം</u>

2023 ഡിസംബർ 23-ന് കെ.പി.സി.സി. സംഘടിപ്പിച്ച ഡി.ജി.പി. ഓഫീസ് മാർച്ചിൽ പങ്കെടുത്ത ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികൾക്കെതിരെ പോലീസ് നടത്തിയ അതിക്രമം സഭയോടും സഭാംഗങ്ങളോടുമുള്ള അവഹേളനമാകയാൽ ആയതിന് ഉത്തരവാദികളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയും ചെയർ പരിശോധിച്ചു.

വേദിയിലുണ്ടായിരുന്ന ജനപ്രതിനിധികൾക്കെതിരെ യാതൊരുവിധ നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്നും ബാരിക്കേഡുകൾ തല്ലിത്തകർക്കാനായി നിയമവിരുദ്ധ സംഘം നടത്തിയ

ആക്രമണവും കല്ലേറും തടയുന്നതിനുള്ള അവസാന ശ്രമമെന്ന രീതിയിലാണ് ജലപീരങ്കി പ്രയോഗവും കണ്ണീർ വാതക ഷെല്ലുകളുടെ പ്രയോഗവും നടത്തിയതെന്നും പോലീസ് സമയോചിത നടപടി സ്വീകരിച്ചിരുന്നില്ലെങ്കിൽ ജനക്കൂട്ടം ബാരിക്കേഡ് തകർത്ത് കൂടുതൽ അക്രമം അഴിച്ചു വിടുമായിരുന്നുവെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയിൽനിന്ന് അവകാശലംഘനത്തിന് ഹേതുവാകുന്ന യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

**<u>ചെയറിന്റെ പരിഗണനയിലുള്ളവ</u>**

വൈക്കത്ത് വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ അറസ്റ്റിലായ തൊഴിലാളികളെയും നേതാക്കളെയും

ജാമ്യത്തിലെടുക്കുന്നതിനായി വൈക്കം പോലീസ് സ്റ്റേഷനിലെത്തിയ തന്നോട് നിയമസഭാംഗമെന്ന പരിഗണനപോലും നൽകാതെ അപമര്യാദയായി പെരുമാറിയ വൈക്കം എസ്.എച്ച്.ഒ.-ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി.കെ.ആശ, എം.എൽ.എ. 21-08-2024-ന് സമർപ്പിച്ച നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.